# സർഗ .കോം



## ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ , മാനന്തവാടി

*2018-2019*



# സർഗ .കോം

## ഡിജിറ്റൽ മാഗസിൻ

ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
മാനന്തവാടി ,വയനാട് - 670645

ഫോൺ :04935 240173(HS),245500(HSS),244232(VHSE)
*gvhssmndy@gmail.com*

# താളുകൾ മറിക്കുമ്പോൾ............

*ആമുഖം ----------------------------------11
*പരിണാമം - കവിത ----------------------12
*ആദ്യ മഴത്തുള്ളി - കഥ --------------------13
*ഞാറ്റുവേല - ലേഖനം ---------------------13
*പാരമ്പര്യ ചികിത്സ രീതികൾ - ആരോഗ്യം -14
*Natural disasters ------------------------15
*കേരളം അറിയേണ്ടതെല്ലാം - ക്വിസ്സ്--------17
*മഴയിലൂടെ - കവിത -------------------------17
*ചിഹ്നങ്ങൾ - ക്വിസ്സ്---------------------------18
*കേരളത്തിലെ പ്രധാന നദികൾ - അറിവ്---19
*മഴപഴഞ്ചൊല്ലുകൾ -------------------------20
*ആൺ മഴയോർമ്മകൾ - പുസ്തകാസ്വാദനം -21
*Volcanic eruption ------------------------21
*കലയുടെ മാതാവ് - ലേഖനം ---------------22
*വംശനാശം മനുഷ്യർക്കും -----------------22
*മഹാത്മാജി നെഹ്റുവിനയച്ച കത്ത് ------23

*മഴനനഞ്ഞൊരെൻ ബാല്യം - കവിത ------26
*Ports in kerala-knowledge------------26
*മഴയുടെ ഗീതം - കവിത -------------------28
*Flood and Causes of flood ----------29
*മഴ - നാടൻ പാട്ട്-------------------------30
*നിപ്പാവൈറസ്-ലേഖനം ---------------30




അഞ്ജിതലാലു - 8 എ

# ആശംസ



ജി.വി.എച്ച്.എസ്.എസ്.മാനന്തവാടിയിലെ ലിറ്റിൽകൈറ്റ്സ് പ്രതിഭകൾ ഡിജിറ്റൽ മാഗസിൻ പ്രദർശനസജ്ജമാക്കിയിരിക്കുന്നു എന്ന് കേട്ടു വളരെയധികം സന്തോഷമുണ്ട് .ഈ വാർത്തകൾ കേൾക്കുമ്പോഴാണ് നമ്മുടെ വിദ്യാർത്ഥികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ ഒട്ടും പിന്നിലല്ല എന്നു തിരിച്ചറിയാനാവുന്നത്.കുട്ടികളുടെ ഈ മികവിനെ ഇനിയും നാം പ്രോത്സാഹിപ്പിക്കണം .ഒപ്പം നല്ല രീതിയിൽ ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയവർക്കും, അവരെ സഹായിച്ചവർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,

തുളസീദാസ്

പി . ടി . എ പ്രസിഡന്റ്

# ആശംസ



കാലത്തിനു മുൻപേ നടന്നുനീങ്ങുന്നവരാണ് നമ്മുടെ കുട്ടികൾ,വിഞ്ജാനം വിപണിയാക്കുന്ന ഈ കാലഘട്ടത്തിൽ പുത്തൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയൊരു മാറ്റത്തിന് വഴി തെളിക്കുകയാണ് ജി. വി. എച്ച്. എസ്. എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വേറിട്ട ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്.ഇതിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ വിധത്തിലുമുള്ള ഭാവുകങ്ങളും നേരുന്നു.


ആശംസകളോടെ

റോയ് വി ജെ

പ്രിൻസിപ്പാൾ

(വി എച്ച് എസ് ഇ)

# ആശംസ



മാനന്തവാടി ജി .വി .എച്ച് .എസ് .എസ് 'ലിറ്റിൽ കൈറ്റ്സ് 'കുട്ടികൾ തങ്ങളുടെ കഴിവും സാമർഥ്യവും ഐ .ടി -യെ കുറിച്ചുള്ള അറിവും കൂടുതൽ സ്വായത്തമാക്കുന്നതിനും വേണ്ടി ,ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്ന് അറിഞ്ഞു . കാലത്തിനു മുൻപേ നടക്കാൻ നിങ്ങളുടെ ഉദ്യമത്തിന് കഴിയട്ടെ എന്ന ആശംസകളോടെ .

എം .അബ്ദുൾ അസീസ്
പ്രിൻസിപ്പാൾ
(ഹയർ സെക്കണ്ടറി)

# ആശംസ



വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി എന്നത് അഭിനന്ദനാർഹമാണ് .വിവര വിനിമയസാങ്കേതികതയിൽ ഇത്തരത്തിൽ ഒരു തുടക്കം കുറിച്ച ലിറ്റിൽകൈറ്റ്സിലെ അംഗങ്ങളേയും അണിയറയിൽ പ്രവർത്തിച്ചവർക്കും ആശംസകൾ നേരുന്നു.

ലില്ലിമാത്യു
പ്രധാനാധ്യാപിക



# പത്രാധിപസമിതി

## എഡിറ്റർ



### അനിൽഡ ജോൺസൺ

## അംഗങ്ങൾ



നാഫിയാ ഫാത്തിമ



ഫിദ ഫാത്തിമ



നിഖിത



സനിത രമേശ്



നന്ദകിഷോർ



ഫാത്തിമത്ത് നാജിയ



അശ്വന്ത്



ബിന്യ ചാക്കോ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട് മാറ്റത്തിന്റെ മാർഗത്തിലാണ് ഇന്ന് വിദ്യാഭ്യാസ മേഖല. കാലഘട്ടം ആവശ്യപ്പെടുന്ന പരിവർത്തനങ്ങൾ ഉൾക്കൊള്ളാൻ ഇന്ന് അദ്ധ്യാപക സമൂഹം സജ്ജമായിട്ടുണ്ട് . വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്ന മാനന്തവാടി ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാലയത്തെ ഇനിയും ഉയർത്തേണ്ടതുണ്ട്. ലോകത്തിന്റെ നെറുകയിലെത്തുന്ന സമർഥരായ വിദ്യാർഥികളെ സൃഷ്ടിക്കുന്നതോടൊപ്പം കുടുംബത്തിനും സമൂഹത്തിനും തണലായി പ്രതീക്ഷയുള്ള മാതൃകാ പൗരൻമാരെ നിർമ്മിക്കലും നമ്മുടെ ദൗത്യമാണ്. സമൂഹത്തിന്റെ ഏതൊരു പ്രശ്നവും ചർച്ചചെയ്യപ്പെടുന്ന വേദിയായി നമ്മുടെ വിദ്യാലയം മാറണം.സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ജനതയുടേയും പാർശ്വവത്ക്കരിക്കപ്പെടുന്ന ഗോത്ര വിഭാഗം കുട്ടികളുടെയും ആശാകേന്ദ്രമായി വിദ്യാലയത്തെ മാറ്റണം.

പ്രദേശത്തിന്റെ പ്രത്യേകത മനസ്സിലാക്കി ഹ്രസ്വവും ദീർഘവുമായ കാലയളവിൽ ഉയർച്ചയുടെ പടവുകളിലേക്ക് നമ്മുടെ വിദ്യാലയത്തെ എത്തിക്കാനുള്ള അക്കാദമിക മാസ്റ്റർപ്ലാൻ ജനസമക്ഷം സമർപ്പിക്കുകയാണ് .പ്രവർത്തനങ്ങളിൽ എന്നും ഒന്നിച്ചുനിൽക്കുന്ന പി.ടി.എയുടെ സഹകരണത്തോടൊപ്പം രക്ഷിതാക്കളുടേയും നാട്ടുകാരുടെയും പൂർണ്ണപിന്തുണ കൂടിയാവുമ്പോൾ കുറഞ്ഞകാലയളവിൽ നമ്മുടെ വിദ്യാലയം കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്തെ ഒരു മാതൃകാസ്ഥാപനമായി മാറും എന്നതിൽ സംശയമില്ല. ഇനിയും ചർച്ചകൾ കൂട്ടിച്ചേർക്കലുകൾ ആകാം എന്നോർമ്മിപ്പിച്ചുകൊണ്ട് നിങ്ങളുടെ ഇടപ്പെടലുകൾക്കായി സമർപ്പിക്കുന്നു.



# പരിണാമം

(വയനാട് ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം കവിതാ രചനയിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ ബി ഗ്രേഡും കരസ്ഥമാക്കിയ കവിത)




ലക്ഷക്കണക്കിന്
വർഷങ്ങൾക്ക് മുൻപ്
ജീവിച്ചിരുന്ന
ഒരു ജീവിയുടെ
ഫോസിൽ
പുല്ല് പോലും
മുളക്കാത്തൊരിടത്ത് നിന്ന്
കണ്ടെടുത്തിരിക്കുന്നു.
അതിനെ
'മനുഷ്യൻ'
എന്ന്
വിളിക്കപ്പെട്ടതായി
പറയപ്പെടുന്നു.
ഒരു കാലത്ത്
ഭൂമി മുഴുവൻ
വ്യാപിച്ച് കിടന്ന
ഇവർസ്വർണ്ണം, രത്നം
എന്നിവയ്ക്ക് വേണ്ടി
യുദ്ധം ചെയ്തിരുന്നു.



ഇവർക്കിടയിലെ
ഇണകളെ
സ്ത്രീയെന്നും പുരുഷനെന്നും പറഞ്ഞ്
വേർതിരിച്ചിരുന്നതായി
അറിയാൻ സാധിച്ചിട്ടുണ്ട്.
ഇങ്ങിനൊരു ജീവി
ഭൂമിയിലുണ്ടായിരുന്നെന്ന് ആർക്കും
ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ല.
നമ്മൾ
കുരങ്ങൻമാർ
ഇവരിൽ നിന്ന്
പരിണമിച്ചതാണെന്ന്
ചിലർ വാദിക്കുന്നുണ്ട്.

**സിയാനാ യാസ്മിൻ 10A**

# ആദ്യ മഴത്തുള്ളി

ദേവതീർത്ഥ പി.റെജി 9 B

ഞാൻ നാലാം ക്ലാസ്സിൽ പഠിച്ച കൊണ്ടിരിക്കുന്ന ഒരു കൊച്ചു പെൺകുട്ടി. മഴ നനഞ്ഞാൽ പനി പിടിക്കും എന്ന അമ്മയുടെയും ,അച്ഛന്റെയും വാക്കുകളെ നിഷേധിച്ച് കൊണ്ട് ആദ്യമായ് മഴ നനയാൻ പോവുകയാണ് .ഹൃദയത്തിന്റെ അടിത്തട്ടിൽ അതിന്റെ കുളിർമ്മ അനുഭവപ്പെടുന്നുണ്ടായിരുന്നു.അതിന്റെ ഉത്സാഹത്തിൽ മഴ നനയാൻ മുറ്റത്തേക്കിറങ്ങുകയാണ്.പിന്നെ അതിന്റെ ആദ്യ മഴത്തുള്ളി എന്റെ കവിളിലേക്കിറങ്ങിയ ചുംബനത്തെ മറക്കാനാകുന്നില്ല. പിന്നെ അത് മഴയായി ,അതു മുഴുവൻ ഞാൻ നനഞ്ഞു ...

പുതുമഴ പെയ്യുമ്പോഴുണ്ടാകുന്ന സുഗന്ധത്തെ മറക്കാനാകുന്നില്ല ..... പൂക്കൾക്ക് ഉണ്ടാകുന്ന ഉണർവ്വും ,ഇലകളിൽ പുതു നിറവും,എല്ലാം ഞാൻ അന്ന് കാണുകയുണ്ടായി .... ദേഹം മുഴുവൻ നനഞ്ഞു കുളിച്ചു... എന്നാലും എന്റെ ആദ്യ മഴയെ എനിക്ക് വളരെ ഇഷ്ടമായി മറക്കാനാവാത്ത ഒരു മഴയനുഭവം സമ്മാനിച്ച എന്റെ നാലാം ക്ലാസ്സിനെ ഞാൻ മറക്കില്ല .....

# ഞാറ്റുവേല

ബരീര ജെസ്വിൻ 9.B

മഴയുടെ കാര്യത്തിൽ വളരെ പ്രധാനമാണു തിരുവാതിര ഞാറ്റുവേല. രാശിചക്രത്തിലെ ഒരു നക്ഷത്രഭാഗം കടന്നു പോകാൻ സൂര്യനു വേണ്ട കാലയളവാണല്ലോ ഞാറ്റുവേല എന്ന് അറിയപ്പെടുന്നത് അവയ്ക്ക് 27 നാളുകളുടെ (നക്ഷത്രങ്ങളുടെ) പേരാണു നൽകിയിരിക്കുന്നത്. സൂര്യൻ തിരുവാതിര നക്ഷത്രത്തിന്റെകൂടെ നിൽക്കുന്ന കാലമാണിത് .ഒരു ഞാറ്റുവേല ശരാശരി 13 1/2 ദിവസത്തോളം നിൽക്കും എന്നാൽ സവിശേഷമായ ഞാറ്റുവേല 15 ദിവസം നിൽക്കും. തിരുവതിര ഞാറ്റുവേലയിൽ തിരിമുറിയാതെ മഴ പെയ്യുമെന്നു ചൊല്ലുണ്ട് ഈ കാലത്ത് എന്തു ചെടി നട്ടാലും കിളിർക്കുമെന്നാണു വിശ്വസം.

സൂര്യന്റെ പര്യായമായ ഞായർ (Sunday) എന്ന വാക്കുമായി ബന്ധപ്പെട്ട ഞായറുവേള എന്ന വാക്കുണ്ടായി. അതു പിന്നീട് ഞാറ്റുവേല എന്നായി.



## പാരമ്പര്യ ചികിത്സാ രീതികൾ

**അനിൽഡ ജോൺസൻ 9B**

### വിഷവൈദ്യം

പരമ്പരാഗത ചികിത്സയിൽ പ്രഗത്ഭരായ വിഷവൈദ്യന്മാരും സർപ്പവിഷത്തിന് വിഷചികിത്സയുണ്ട് . കായ ചികിത്സ, ബാല ചികിത്സ, ഗ്രചികിത്സ, ഊർദ്ധ്യാഗ ചികിത്സ, ശല്യചികിത്സ, ദംഷ്ട്ര ചികിത്സ, നരചികിത്സ, വിഷ ചികിത്സഎന്നിവയാണ് ആയുർവേദത്തിലെ പ്രധാന ചികിത്സാവിഭാഗങ്ങൾ.

വിഷത്തെ ആദ്യമായി സ്ഥാവര വിഷമെന്നും, ജംഗമ വിഷമെന്നും രണ്ടായി ഭാഗിക്കാം.

വിവിധതരം വിഷബാധകൾ .


ചേര്:- താന്നിത്തോലി പച്ച വെള്ളത്തിൽ അരച്ച് പുരട്ടുകയും സേവിക്കുകയും ചെയ്യുക.

ത്രികോൽപ്പ:- ശതാവരിക്കിഴങ്ങ് കഷായം വെച്ച് ധാര കോരുകയും സേവിക്കുകയും ചെയ്യുക.

നാഗദന്തി :- ശതാവരിക്കിഴങ്ങ് കഷായം വെച്ച് സേവിക്കുകയും കുളിക്കുകയും ചെയ്യുക.

നായ്ക്കുരണ :- പൂവരത്തി തൊലി പശുവിൻ പാലിൽ അരച്ച് പശുവിൻ നെയ്യിൽ ചേർത്ത് ദേഹത്ത് തേച്ച് ചൂടുവെള്ളം ഒഴിക്കുക

കഞ്ചാവ് ലഹരി :- കോവ ക്കിഴങ്ങ്, മുത്തങ്ങ, പച്ചമഞ്ഞൾ, എന്നിവ സമമായെടുത്ത് കാടിയിൽ അരച്ച് സേവിക്കുക






# ***NATURAL DISASTERS***

Litty mariya jose 9B

## ***CYCLONE***

*Cyclones are long revolving tropical storms caused by winds blowing around a central area of low atmospheric pressure*

*In the southern hemisphere,these tropical storms are called Cyclones. They rotates in a clockwise direction. In northern hemisphere,Cyclones are called hurricanes or typhoons. They rotates in an anti clockwise direction.*

## TSUNAMI

*Tsunami is a series of waves generated in a water body by a sudden disturbance that displaces the water. Tsunamis are mainly associated with earthquakes in oceanic and coastal regions. It is believed that landslides,volcanic eruptions, nuclear explosions,and even impact of objects from outer space can generate Tsunamis.*

## FLOOD

*The submerging of a normally dry land by water is called a Flood. This water may come from heavy rains, thunderstorms, monsoons, cyclones, or hurricanes. In some places, water takes many days to recede after severe Floods. When poorly builds dams collapse, the adjoining and low-lying area may get flooded.*

## EARTHQUAKE

*An Earthquake is a shaking or trembling in the earth's surface. It may be caused by a sudden slip along a crack in the crust of the earth. This crack is called a fault. Stress built up in the rocks may suddenly be released as energy in the form shock waves that radiates in all direction.*

## STORMS

*Storms means violet weather, usually heavy rain and wind. Hurricanes, typhoons, and tornadoes are often called Storms. Storms are studied by scientists called meteorologists. There are many varieties and names for Storms :-*

*1)Ice storm*
*2)Snow storm*
*3)Ocean storm*

*4) Thunder storm*

# കേരളം അറിയേണ്ടതെല്ലാം

ബിന്യചാക്കോ 9A

*കലാമണ്ഡലത്തിന്റെ പ്രഥമ സെക്രട്ടറി

-മുകുന്ദരാജ.

*തിരുവിതാംകൂറിൽ ഹൈക്കോടതിസ്ഥാപിതമായത് ?

-1881

*ക്രിസ്തു ഭാഗവതം രജിച്ചത് ?

-പി. സി ദേവസ്യ

*കെ.പി.എസ് സിയുടെ അദ്യ ചെയർമാൻ ?


-പി. കെ വേലായുധൻ

*അദ്യത്തെ ബഷീർ പുരസ്കാരം നേടിയത് ?

-കോവിലൻ

## മഴയിലൂടെ

ഞാൻ നിന്നിൽ
പെയ്തിറങ്ങിയതെന്തിനെന്നോ? ..
നിന്നെ നനച്ച് കുളിർപ്പിച്ച്
നമ്മെ പരസ്പരം
വേർതിരിക്കാനാവാതിരിക്കാൻ
ഒരു കാറ്റിനും ...
നമ്മെ അകറ്റാതിരിക്കാൻ.
ഞാനും നീയുമേതെന്ന്
തിരിച്ചറിയാനാവാത്ത വിധം
അലിഞ്ഞു ചേരാൻ ..........



ദേവ ചന്ദ്ര .വി .ആർ :10 A

## ചിഹ്നങ്ങൾ

ഇഹ്സാൻ കെ.ഇ

*കേരളത്തിന്റെ ഔദ്യോഗിക വൃക്ഷം?

-തെങ്ങ്

*കേരളത്തിന്റെ ഔദ്യോഗിക പുഷ്പം?

-കണിക്കൊന്ന

*കേരളത്തിന്റെ ഔദ്യോഗിക ചിഹ്നം?

-ആനകൾക്ക് നടുവിൽ അശോകസ്തംഭം

*കേരളത്തിന്റെ ഔദ്യോഗിക ഫലം?

-ചക്ക

*കേരളത്തിന്റെ ഔദ്യോഗിക കല?

-കഥകളി

*കേരളത്തിന്റെ ഔദ്യോഗിക മൃഗം?

-ആന

*കേരളത്തിന്റെ ഔദ്യോഗിക പക്ഷി?

-മലമുഴക്കി വേഴാമ്പൽ

*കേരളത്തിന്റെ ഔദ്യോഗിക മത്സ്യം?

-കരിമീൻ

*കേരളത്തിന്റെ ഔദ്യോഗിക കളി?

-ഫുട്ബോൾ




# കേരളത്തിലെ പ്രധാന നദികൾ

ജസ്ന.9A

മഞ്ചേശ്വരം
ഷിറിയപ്പുഴ
ചന്ദ്രഗിരിപ്പുഴ
കുംബം പുഴ
രാമപുരംപ്പുഴ
ഉപ്പളപ്പുഴ
മൊഗ്രാൽപ്പുഴ
നീലേശ്വരംപ്പുഴ
കവ്വായിപ്പുഴ
പെരുവമ്പപ്പുഴ
പെരിയാർ



*നിജ 6 എ*




## മഴപഴഞ്ചൊല്ലുകൾ

*ആദിത്യ ദാസ്* ***X A***

- കർക്കടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു
- കർക്കടകത്തിൽ പത്തില കഴിക്കണം
- കർക്കിടക ഞാറ്റിൽ പട്ടിണിക്കിടന്നതു പുത്തിരി കഴിഞ്ഞാൽ മറക്കരുത്
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- കർക്കിടകച്ചേന കട്ടിട്ടെങ്കിലും തിന്നണം
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള
- തുലാപത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കിടക്കാം
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞു പോകും
- മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല
- മേടം തെറ്റിയാൽ മോടൻ തെറ്റി
- വെയിലും മഴയും കുറുക്കന്റെ കല്യാണം



## പുസ്തകാസ്വാദനം:

ഒരു കൂട്ടം ആൺമനസ്സുകളെ മഴ നനയുന്ന ഓർമ്മ പുസ്തകം. നഷ്ടപ്പെട്ടതും അപ്രതീക്ഷിതമാക്കി വന്നതും ഒരിക്കലും പെയ്തു തീരാത്തതുമായ മഴ അനുഭവങ്ങളുടെ സമാഹാരം ,മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാർക്കും, പുതുനിര എഴുത്തുകാർ കൂടി ഒന്നിക്കുന്ന പുസ്തകം .

ഈ പുസ്തകത്തിലുടനീളം മഴ വിവിധ ഭാവങ്ങളിൽ പ്രത്യക്ഷപ്പെടുന്ന . സങ്കടമായും ,പ്രണയമായും, സന്തോഷമായും ,ശൂന്യതയായും മഴ പെയ്തിറങ്ങുന്ന . പല കാലങ്ങളിലൂടെയും മഴ കടന്ന് പോകുന്ന മലയാളിയെ മഴയുമായി ബന്ധിപ്പിക്കുന്ന ഏതോ ഒന്ന് ഈ പുസ്തകത്തിലുടനീളം ഒളിഞ്ഞ് കിടക്കുന്നുണ്ട് . ഈ പുസ്തകം ഓരോ വായനക്കാരന്റെയും മഴക്കാലമായി മാറുമെന്നത് തീർച്ച .

***പുസ്തകത്തിന്റെ പേര്***: ആൺമഴയോർമ്മകൾ

സിയാനാ യാസ്മിൻ **10 A**

## ***Volcanic Eruptions***

Nafia fathima.9.B

Volcanoes can cause widespread destruction and consequent disaster in several ways. The effect include the volcanic eruption itself that may cause harm following the explosion of the volcanic or falling rocks. Secondly lava may be produced during the eruption of a volcano,and so as it leaves the volcano the lava animals due to its extreme heat.Thirdly ,volcanic ash,may form a cloud,and settle thickly in near by locations .



# കലയുടെ മാതാവ്

മണിമേഘല.പി 9 എ

പുരാതനവികാരം അനുസരിച് മനുഷ്യൻ കൈവരിച ആദ്യത്തെ മാർഗമാണ് നൃത്തം.അതുകൊണ്ട് ഇതിനെ കലയുടെ മാതാവായി ഗണിക്കുന്നു.അപരിഷ്കൃതരായ മനുഷ്യർക്ക് ആഹാരസമ്പാദ്യത്തിനുള്ള സമയം കഴിഞ്ഞാൽ പിന്നെ പ്രധാനമായത് നൃത്തമായിരുന്നു.കായികമായ വേറെ പ്രവർത്തനങ്ങൾ ഇല്ലാതിരുന്നതുകൊണ്ടായിരിക്കാം .ഏതു വികാരത്തിന്റെ പ്രകാശത്തിനും നൃത്തത്തെതന്നെ അവർ

ഉപാധിയായി കൈവരിചത്.വിവാഹവസരത്തിലും മരണത്തിലും നൃത്തം വയ്ക്കുന്ന പതിവ് ഇന്നും കാട്ടുജാതിക്കാരുടെ ഇടയിൽ ഉണ്ട്.വയനാട്ടിലെ ജൈനക്കുറുമ്പൻമാരും വിവാഹത്തിന് മുൻപും പിൻപും നൃത്തം വയ്ക്കും.കേരളീയ കലകളിൽ പ്രധാനപെട്ടതാണ് കഥകളി,മോഹിനിയാട്ടം,തുള്ളൽ,തുടങ്ങിയവയാണ്.



ദിൽഷാൻ അയൂബ് 8c

## വംശനാശം മനുഷ്യർക്കും

## ചോലനായ്ക്കർ

കേരളത്തിലെ വംശനാശഭീഷണിനേരിടുന്ന ഒരു ഗോത്ര ജനവിഭാഗമാണ് ചോലനായ്ക്കർ .1991 ലെ സെൻസസിൽ 360 പേർ

ഉണ്ടായിരുന്ന ഈ വിഭാഗത്തിൽ ഇന്ന് അവശേഷിക്കുന്നത് 191 പേർ മാത്രമാണ് . നിലമ്പൂരിനടുത്ത് കരുളായി ചുങ്കത്തറ വനപ്രദേശമാണ് ചോലനായ്ക്കരുടെ പ്രധാന ആവാസകേന്ദ്രങ്ങൾ.

**ഫാത്തിമത്ത് നാജിയ 9 എ**

## *മഹാത്മജി നെഹ്റുവിനയച്ച കത്ത്*

## *സെയ്ഗോൺ വാർദ്ധ*

1939 ഫെബ്രുവരി 3

പ്രിയങ്കരനായ ജവഹർലാൽ

തെരഞ്ഞെടുപ്പിനും അതിൽ നടന്ന മത്സര സമ്പ്രാദയത്തിനു ശേഷം കോൺഗ്രസ് സമ്മേളനത്തിൽ ഉൾച്ചേരാതെ രാജ്യത്തെ സേവിക്കുകയാണ് അഭികാമ്യമെന്നനിക്കു തോന്നുന്നു അതിന്നും പുറമേ എന്റെ ആരോഗ്യവും അത്ര പന്തിയല്ല. താങ്കളെന്നെ സഹായിച്ചാൽ വേണ്ടില്ല. എന്നെ അതിൽ പങ്കെടുക്കാൻ ദയവുചെയ്ത് നിർബന്ധിക്കരുത്

ഖാലിയിലെ വിശ്രമം താങ്കൾക്കും ഇന്ദുവിനും ഗുണകരമായി ഭവിച്ചെന്നു കരുതുന്നു.

സ്നേഹപൂർവ്വം

ബാപ്പു

**നവ്യശ്രീ**




**ലിറ്റിൽ കൈറ്റ്സ് ബോർഡ് സ്ഥാപിക്കൽ കർമ്മം കൈറ്റ് ജില്ലാ കോർഡിനേറ്റർ ശ്രീ.വി.ജെ.തോമസ് നിർവ്വഹിക്കുന്നു**

# ചിത്രങ്ങളിലൂടെ............













## മികവു പദ്ധതിയിൽ ഉൾപ്പെടുത്തിയ ഞങ്ങളുടെ വിദ്യാലയം അന്താരാഷ്ട്ര പദവിയിൽ....











*നവ്യശ്രീ.9B*

# *മഴനനഞ്ഞൊരെൻ ബാല്യം –കവിത*

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോരോ മഴയും പിന്നെ
എവിടെയോ പോയൊളിക്കും

കാശി തുമ്പകളല്ലോ നമ്മൾ
മഴവരും നേരമാർത്തു വിളിച്ചത്
നനഞ്ഞൊരെൻ ബാല്യം
ഒക്കെ കണ്ട് ഒരു
ചിരിയാർത്തു നിൽക്കുമെന്ന
തേൻമാവു മുത്തശ്ശി
പഴങ്ങളലെന്നെ
ഒരുപാടു സൽകരിച്ചിരിക്കുന്നു....

വിദ്യ 10 A



അവന്തിക പി.എസ് 8

# ***PORTS IN KERALA***

Hiba fathima. 9A

*Kerala has two major port and 13 minor ports and 2 intermediate ports . Kerala has a coastline of around 590km.*

*Kochi port, which is an all – weather natural harbour, is the major port present in kerala.It is one of the largest commercial port in india and the closest to international shipping routes. Kochi is an important hub of maritime time commerce in india with string of facilities like. A container trans shipment terminal, shipyard for ship manufacturing and maintence, LNG*

*terminal, oil terminal of kochi refine ries, marina for yochttotters.*

*Beypore port handnes most of the non major port traffic in the state. It as both cargo and passenger services.*

*Other major port under construction include port of Trivandrum or vizhinjam port once commissioned it will serve as one of the largest seaport in India with 20km draft . Port of Trivandrum is a port under construction in the Arabian sea at Trivandrum city*



*ഗായത്രി കെ.എസ് 8G*



# മഴയുടെ ഗീതം

നസിം താജ് 9 B

മഴയൊരു
ഗീതമാകുന്നുവോ
എൻ മനമൊരു
മയിലായ് ആടുന്നുവോ
നീളുന്ന ചെമ്മണ്ണു
പാതകളിൽ
മഴനീരു നഴയുന്ന
നാഗത്തെ പോൽ
ദൂരെ മഴനീരു നഴയുന്ന
നാഗത്തെ പോൽ
നിരന്നാടകൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടും
വയൽപ്പൂക്കളും
മഴപ്പെണ്ണിന്റെ കുളിരേറ്റു
വാങ്ങുന്നുവോ
പുഴമേലെ ഓളങ്ങൾ
അണയുന്നുവോ
മഴയൊരു ഗീതമാവുന്നുവോ
എൻ മനമൊരു മയിലായി
ആടുന്നുവോ.........

## *FLOOD*

If you thought that floods are natural disasters that happened only in poorer continents like africa and Asia,then you are wrong. First not all floods are caused by nature they are man-made too and second even countries like the USA and UK get floods that cause huge losses to life and property to understand.

## CAUSES OF FLOOD

To understand how floods are caused the extent to which they can be considered as “acts of god”and how the activities of man can make floods more or less severe. It is written mainly for insurance companies guilders and other professionals and talks mostly of flooding in UK. But it is very informative as the basic facts remain the same the change in landscape,land use, how the size of the river basin hand the flood plain affect the severity of flood and how we can prepare for floods in a flood affected area.

Ashika shankar.9B

അഞ്ജിതലാലു
8 എ



## മഴ (നാടൻപാട്ട് )

***അന്നം ചിന്നം മഴ പെയ്തു***
***പൊന്നഴകിയ പൂംചിറകിൽ***
***മഴവെള്ളം വന്നു തോട്ടം***
***ചിറയും മുങ്ങി തക - തിമിർ -***
***തെയ്യൊക്കായ കൊക്കെല്ലാം***
***പുഞ്ചപ്പാടം തന്നിലിരുന്നു***
***കൊത്തിയിട്ടും ചികഞ്ഞിട്ടും***
***തിന്നുന്ന കൊക്കേ തക-***
***തിമിർ- തെയ്***
***വെള്ളകൊക്ക് പറയുന്നു***
***തവിട്ടുകൊക്കങ്ങതിനോട്***
***കരിമാടൻ കുയിൽ നാട്ടിനു***
***തക–തിമിർ–തെയ്***

***മുഹമ്മദ് അൻഷിഫ് 9B***

## *നിപാവൈറസ്*

നിപാവൈറസ് ഹെനിപാവൈറസ് ജീന സിലെ ഒരു ആർ.എൻ.എ വൈറസ് ആണ്. മൃഗങ്ങളെയും മനുഷ്യരേയും ബാധിക്കുന്ന മാരകമായ ഈ വൈറസ് മൂലമുണ്ടാകുന്ന പകർവ്യാധി രോഗികളുടെ മരണത്തിന് വരെ കാരണമാകുന്നു. കേരളത്തിൽ 2018 മെയ് മാസത്തിൽ നിപാ വൈറസ് ബാധ പൊട്ടി പുറപ്പെട്ടു.മലേഷ്യയിലെ സുങകായ് നിപ്പാ എന്ന സ്ഥലത്താണ് ഈ വൈറസ് ബാധ മൂലമുള്ള ആദ്യത്തെ സംഭവം രേഖപ്പെടുത്തിയത് എന്നത്

കൊണ്ടാണ് ഈ പേരു വന്നത്. മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്കോ, മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്കോ ഈ വൈറസ് പടരാം. വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നും, പന്നികളിൽ നിന്നും, രോഗമുള്ള മനുഷ്യരിൽ നിന്നുമാണ് നിപാവൈറസ് പകരുന്നത്.

ഹേതു :- റ്റീറോപ്പസ് വവ്വാലുകൾ

രോഗലക്ഷണങ്ങൾ :-

വൈറസ് ബാധയുണ്ടായാൽ, അഞ്ച് മുതൽ 14 ദിവസം വരെയാണ് ഇൻകുബേഷൻ പീരിയഡ് പനി, തലവേദന, തലകറക്കം, ബോധക്ഷയം, മുതലായവയാണ് ലക്ഷണങ്ങൾ. ചുമ, വയറുവേദന, മനം പിരട്ടൽ, ഛർദി, ക്ഷീണം, കാഴ്ച്ച മങ്ങൽ, തുടങ്ങിയ ലക്ഷണങ്ങളും അപൂർവമായി പ്രകടിപ്പിക്കാം.റിബാ വൈറിൻ എന്ന മോണോ ക്ലോണൽ ആന്റി ബോഡി നിപ്പാവൈറസിനെതിരെ ഫലപ്രദമാണെന്ന് പരീക്ഷണശാലകളിൽ തെളിഞ്ഞുട്ടുണ്ടെങ്കിലും മനുഷ്യരിൽ ഉപയോഗിക്കാനുള്ള അനുമതി അതിനു ലഭിച്ചിട്ടില്ല.

പ്രതിരോധ പ്രവർത്തനങ്ങൾ :-

അസുഖം വന്നതിനു ശേഷമുള്ള ചികിത്സ അത്ര ഫലപ്രദമല്ല. അതു കൊണ്ടുതന്നെ പ്രതിരോധമാണ് ഏറ്റവും പ്രധാനം.


> വവ്വാലുകൾ കടിച്ച കായ്ഫലങ്ങൾ ഒഴിവാക്കുക.

> വവ്വാലുകൾ ധാരാളമുള്ള സ്ഥലങ്ങളിൽ നിന്നും തുറന്ന കലങ്ങളിൽ ശേഖരിക്കുന്ന കള്ള് ഒഴിവാക്കുക.

>വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം, ഉമിനീർ എന്നിവയിലൂടെ വൈറസ് പകർച്ച ഉണ്ടാകാം അങ്ങനെയുള്ള സാഹചര്യങ്ങളെല്ലാം ഒഴിവാക്കുക.

മുഹമ്മദ് ആഷിഖ് 9B

**അബിന 8 ഡി**



മേഖ.സി

8 എഫ്






**അഞ്ജിത ലാലു 8 എ**

അറിവിന്റെ അക്ഷരഖനിയായ വിദ്യാലയത്തിൽ വിവരസാങ്കേതിക വിദ്യകളാൽ കോർത്തെടുക്കാൻ ശ്രമിച്ച "**സർഗ.കോം**" ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു സമർപ്പിക്കട്ടെ.

-------------ചീഫ് എഡിറ്റർ